# കുഷ്ഠ രോഗത്തെ എങ്ങനെ പ്രതിരോധിക്കാം

ജോയൽ അൽമേഡ PhD, MBBS

ചികിത്സിച്ചു ഭേദമാക്കാവുന്ന രോഗാണുജന്യമായ ഒരു രോഗമാണ് കുഷ്ഠം. ഇന്ത്യയിലെ ഒരു സാമ്പത്തിക- സാമൂഹ്യവിഭാഗത്തെയും കുഷ്ഠരോഗത്തിന്റെ പിടിയിൽ നിന്ന് ഒഴിച്ചു നിർത്താവതല്ല .അതുകൊണ്ടുതന്നെ ഈ രോഗത്തെയും അതിന്റെ പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച റിയുക എന്നത് വളരെ മുഖ്യമാണ്.

ഇന്ത്യയിലെ കുട്ടികൾക്കും മുതിർന്നവർക്കുമിടയിൽ ഓരോ മിനിട്ടിലും ഓരോ കുഷ്ഠരോഗികളെ കണ്ടെത്ത പ്പെടുന്നുണ്ട്. ഒരുതരത്തിൽ അതൊരു നല്ല കാര്യമാണ്. കാരണം, രോഗി തീർത്തും അവശനായി ത്തീരും മുൻപുതന്നെ ചികിത്സ ആരംഭിക്കാനാവുന്നുണ്ട്.കുഷ്ഠരോഗം നമ്മുടെ രാജ്യത്തുനിന്നും പൂർണ്ണമായും തുടച്ചു നീക്കപ്പെട്ടു എന്നുള്ള വാദം തികച്ചും തെറ്റിദ്ധാരണാ ജനകവും അപകടകരവുമാണ്.ഒരു രോഗം തുടച്ചുനീക്കപ്പെട്ടു എന്നുപറഞ്ഞാൽ അതിനർത്ഥം പിന്നീട് ഒരു നിർദ്ദിഷ്ട പ്രദേശത്ത് ആ രോഗം ബാധിച്ച ഒരാൾ പോലും ഉണ്ടാവില്ല എന്നാണെന്ന് WHO യുടെ 2013 ലെ ഒരു റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

അടുത്ത ഒരു ദശകത്തിനുള്ളിൽ ഇന്ത്യയിലെ പത്തുലക്ഷത്തി ലധികം പേർക്ക് കുഷ്ഠരോഗ ലക്ഷണങ്ങൾ ഉണ്ടാവാനിടയുണ്ട് .ആയിരം ജനങ്ങൾ താമസിക്കുന്ന ഏകദേശം ഇരുപത്തഞ്ചോളം കെട്ടിടങ്ങൾ ചുറ്റുമുള്ള ഒരു ഇന്ത്യൻ നഗരത്തിലാണ് നിങ്ങൾ ജീവിക്കുന്നതെന്നിരിക്കട്ടെ. അതിലോരാൾക്കെങ്കിലും അടുത്ത പതുവർഷതിൽ ഈ രോഗം വരാൻ സാധ്യതയുണ്ട്. കുഷ്ഠരോഗ ലക്ഷണങ്ങൾ കാണിക്കുന്ന വ്യക്തികളുടെ എണ്ണം ശരിക്കും ജലോപരിതലത്തിൽ പ്രത്യക്ഷമാകുന്ന ഒരു മഞ്ഞുമലയുടെ ഉപരിഭാഗം പോലെയാണ്.അതായത് ഇരുപതു മുതൽ നൂറു വരെ മില്ല്യൻ ജനങ്ങൾ അതിനടുത്ത ദശകത്തിൽ രോഗലക്ഷണങ്ങ ളൊന്നും കാണിക്കാതെ കുഷ്ഠരോഗ ബാധിതരാകാൻ ഇടയുണ്ട്.

ഇന്ത്യൻ കാലാവസ്ഥയിൽ കുഷ്ഠ രോഗാണുക്കൾ അഞ്ചു മാസം വരെ നിർജ്ജീവമായിരിക്കുമെങ്കിലും ഒരു ശരീരത്തിലേയ്ക്ക് പ്രവേശിച്ചു

കഴിഞ്ഞാൽ വളരെപ്പെട്ടെന്ന് എണ്ണം പെരുകാൻ അവയ്ക്ക് കഴിവുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന ത്തി ലുണ്ടായ പുരോഗതി കാരണം ചൈന യിലെ ഷാഗോണ് പ്രവിശ്യയിൽ 50 വർഷം മുന്നേ പുതിയ കുഷ്ഠരോഗികളുടെ വാർഷിക നിരക്ക് 10% കുറഞ്ഞു.   നോർവേ യിലാകട്ടെ അത് ഒരു നൂറ്റാണ്ടായി അങ്ങനെയാണ്. എന്നാൽ ഇന്ത്യയിലെ അവസ്ഥ വ്യത്യസ്തമാണ്. 2008-09 നും 2014-15 നുമിടയിലുള്ള കാലയളവിൽ വ്യക്തമായ അംഗ വൈകല്യങ്ങ ളോടെ രോഗലക്ഷണങ്ങൾ കാണിച്ചവരുടെ എണ്ണം കൂടുകയാണു ണ്ടായത് .നമ്മൾ ഒരുപക്ഷേ ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ളവ രായിരിക്കാം . എന്നാൽ ഗ്രാമ പ്രദേശങ്ങളിലെയും ചേരികളിലെയും ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്യേണ്ടത് നമ്മുടെ കൂടി ആവശ്യമായി കാണേണ്ടതുണ്ട്.

കുഷ്ഠരോഗം യഥാസമയം ചികിൽസിക്കാതിരുന്നാൽ അത് ഞരമ്പുകളെ ബാധിക്കുകയും ക്രമേണ വേദന അറിയാൻ കഴിയാത്ത ഒരവസ്ഥയിലെയ്ക്ക് കൊണ്ടുചെന്നെത്തിക്കുകയും ചെയ്യും. തുടർച്ചയായുണ്ടാകുന്ന മുറിവുകൾ നിങ്ങളുടെ വിരലുകൾ , കണ്ണുകൾ എന്നിവയെ ക്രമേണ ദ്രവിപ്പിക്കുകയും അത് വ്യക്തമായ അംഗ വൈകല്യത്തിന് ഇടയാക്കുകയും ചെയ്യും. നാഡീ നാശത്തിന്റെ ഫലമായി മുഖത്തും കൈകാലുകളിലും മുള്ള പേശികൾ നിർജ്ജീവമായി പ്പോകാനിടയുണ്ട്.  വിരലുകൾ നിവർ ത്താനോ നടക്കാനായി പാദങ്ങൾ ഉയർത്താനോ കണ്പോളകൾ അടയ്ക്കാനോ പോലും കഴിയാ തെ വരും.  അതിനാൽ  രോഗലക്ഷണം കണ്ടുതുടങ്ങിയാൽ നാഡീ നാശത്തിനു മുന്നേ ചികിത്സ തേടുന്നതാണ് നല്ലത്.

ഒരു പേന ത്തു മ്പിന്റെ സ്പർശം അറിയാൻ കഴിയാത്ത വിധത്തിലുള്ള പാടുകൾ തൊലിപ്പുറത്തു കാണപ്പെടുക, ചെവി ത്തു മ്പുകൾ തടിക്കുക , കൈകാലുകളിൽ വേദനയില്ലാത്ത മുറിവുകൾ അടിയ്ക്കടി ഉണ്ടാവുക, വിരലുകൾ നിവർതാൻ ബുദ്ധിമുട്ട നുഭവ പ്പെടുക തുടങ്ങിയ ലക്ഷണങ്ങൾ കാണുകയാണെങ്കിൽ എത്രയും പെട്ടെന്ന് അടുത്തുള്ള സർക്കാർ ആരോഗ്യ കേന്ദ്രത്തെ സമീപിക്കണം. സൗജന്യ പരിശോധനയ്ക്കും , ആവശ്യമെങ്കിൽ സൗജന്യ MDT ചികിത്സയ്ക്കും അവിടെ സൗകര്യമുണ്ട് . നിങ്ങൾക്ക് രോഗമുണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ കുടുംബത്തിലെ എല്ലാ അംഗങ്ങളും പരിശോധനയ്ക്ക് വിധേയരാകേണ്ടതുണ്ട്

MDT  കുഷ്ഠ രോഗാണുക്കളെ വളരെപ്പെട്ടെന്ന് നശിപ്പിക്കും. ചികിത്സ ആരംഭിച്ച് ദിവസങ്ങൾക്കുള്ളിൽ ത്തന്നെ അണുബാധയുടെ നിരക്ക് ഗണ്യമായി കുറയും.എന്നാൽ നാഡീ നാശത്തിന് MDT അത്രത്തോളം ഫലപ്രദമല്ല.

MDT ആരംഭിച്ച് ആദ്യത്തെ രണ്ടു വർഷത്തിൽ ഞരമ്പുകൾക്ക് ഗുരുതരമായ നാശം സംഭവിച്ചേയ്ക്കാം. നശിപ്പിക്കപ്പെട്ട രോഗാണുക്കൾ ക്കായി ശരീരം നടത്തുന്ന സമരത്തിന്റെ ഭാഗമായുണ്ടാകുന്ന നീർ വീക്കമാണ് അതിനു കാരണം. നാഡികൾ ഒരു ഒരു യുദ്ധക്കളമായി മാറുന്നു. നാടികളിലുണ്ടാകുന്ന ഈ നീർ വീക്കത്തിന് ന്യൂ റൈ റ്റിസ് എന്നാണു പേര്. ഈ ആന്തരിക സമരം ഞരമ്പുകൾക്ക് നാശം വരുത്തുകയും അങ്ങനെ ശരീരാ വയവങ്ങൾക്ക് വികലത വരുത്തുകയും ചെയ്യുന്നു. നിർഭാഗ്യവശാൽ ഈ ന്യൂ റൈ റ്റിസ് തിരിച്ചറിയുക പ്രയാസമാണ്. ഗുരുതരമായ നാഡീ നാശം സംഭവിച്ചു കഴിഞ്ഞ ശേഷം മാത്രമാണ് ലക്ഷണങ്ങൾ പുറത്തു വരിക.

ചികിത്സ ആരംഭിച്ച് ആദ്യത്തെ രണ്ടു വർഷത്തിൽ ഓരോ മാസവും നിങ്ങളുടെ നാടീവ്യൂഹത്തിന്റെ അവസ്ഥ നിരീക്ഷിക്കാൻ കഴിവും അനുഭവ പരിചയവുമുള്ള കുഷ്ഠ രോഗ പ്രവർത്തകരുടെ സേവനം ആവശ്യമാണ്. ഇത്തരം പ്രവർത്തകർ മുൻപ് ധാരാളം ഉണ്ടായിരുന്നെങ്കിലും ഈ രോഗം തുടച്ചുമാറ്റപ്പെട്ടു എന്നാ ധാരണ പരന്നതോടെ ഇത്തരത്തിലുള്ള പ്രവർത്തകരും അപൂർവ്വമായി .പൊതുവെ തിരിച്ചറിയപ്പെടാത്ത ന്യൂ റൈ റ്റിസ് പോലും കണ്ടെത്താൻ സമർത്ഥരായിരുന്നു അവർ.അങ്ങനെ യഥാസമയം തന്നെ ചികിത്സ ആരംഭിക്കുകയും അങ്ങനെ ജീവിതകാലം മുഴുവൻ പിന്തുടർന്നെയ്ക്കാവുന്ന ശാരീരിക വൈകല്യങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുകയും ചെയ്യാനുള്ള അവസരമുണ്ടായിരുന്നു. ഭാരതീയ കുഷ്ഠ രോഗ പ്രവർത്തനങ്ങളുടെ തികച്ചും ചെലവു കുറഞ്ഞതും ഫലപ്രദ വുമായ ഒരു രീതിയായിരുന്നു അത്.

ചില വൈകല്യങ്ങൾ ദൃശ്യ മാണെങ്കിൽ ക്കൂടി ചികിത്സിച്ചു ഭേദമാക്കപ്പെട്ടവരിൽ നിന്നും പൊതുവെ രോഗം പകരുകയില്ല . എന്നോ ഒരിക്കൽ ഞരമ്പുകളിൽ രോഗാ ണുബാധ ഉണ്ടായിട്ടുണ്ട് എന്നതൊഴിച്ചാൽ അവരും എല്ലാ രീതിയിലും നിങ്ങളെപ്പോലെ തന്നെയാണ്. വിനാശകാരികളായ അണുക്കൾ എന്നേ കൊല്ലപ്പെട്ടു. മറ്റേതൊരു സാധാരണ വ്യക്തിയോടുമെന്നതുപോലെ സ്നേഹത്തോടും ആദരവോടും കൂടി അവരോടു പെരുമാറണം. അങ്ങനെയൊരവസ്ഥ നിങ്ങൾക്കും വരാനുള്ള തേ ഉണ്ടായിരുന്നുള്ളൂ . നിങ്ങൾക്ക് എന്തെങ്കിലും അത്തരത്തിലുള്ള രോഗ ലക്ഷണങ്ങലോ വികലത കളോ ശ്രദ്ധയിൽ പെടുന്നെങ്കിൽ , ഇന്ത്യൻ കുഷ്ഠ രോഗ നിവാരണ പരിപാടി വഴി ലഭ്യമായ പുനർ രൂപീകരണ ശസ്ത്രക്രിയ കളും പുനരധിവാസവും മറ്റു സേവനങ്ങളും പ്രയോജനപ്പെടുത്തേണ്ട താണ് .

എങ്ങനെ ഒരു മാറ്റത്തിന് വഴി തെളിക്കാം

കുഷ്ഠ രോഗത്തിൽ നിന്ന് നിങ്ങൾക്കും നിങ്ങളുടെ പ്രിയപ്പെട്ടവർക്കും ഇപ്പോൾ സംരക്ഷണം നേടാനാവും. കുഷ്ഠ രോഗ നിവാരണ പ്രവർത്തനങ്ങൾക്ക് പിന്തുണ നല്കിക്കൊണ്ട് നിങ്ങളുടെ പ്രദേശത്തെ MP,MLA മറ്റു സ്വയംഭരണ കേന്ദ്രങ്ങളിലെ അധികാരികൾ എന്നിവർക്ക് കത്തുകൾ എഴുതണം. ഒപ്പം ഗുരുതരമായി നാഡീ നാശം സംഭവിച്ച കുഷ്ഠ രോഗ ബാധിതർക്കായി മെച്ചപ്പെട്ട ചികിത്സാ സഹായം നല്കുന്നതിനുള്ള ആവശ്യം മുന്നോട്ടു വയ്ക്കുകയും വേണം. താഴപ്പറയുന്ന കാര്യങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിക്കവുന്നതാണ് .

1)2013 ലെ WHO യുടെ നിർവ്വചന പ്രകാരം നോക്കുകയാണെങ്കിൽ കുഷ്ഠ രോഗം പൂർണ്ണമായി നിവാരണം ചെയ്യപ്പെട്ടിട്ടില്ല.മാത്രമല്ല  അടുത്ത ഒരു ദശകത്തിനുള്ളിൽ ഇന്ത്യയിലെ പത്തുലക്ഷത്തി ലധികം പേർക്ക് കുഷ്ഠരോഗ ലക്ഷണങ്ങൾ ഉണ്ടാവാനിടയുണ്ട്. അതിൽ നമ്മൾ ആരും ഉള്‍പ്പെടാം. അതിനാൽ ശക്തമായ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടതുണ്ട്.

2) MDT  ചികിത്സ ആരംഭിച്ച്  ആദ്യത്തെ രണ്ടു വർഷത്തിൽ ഓരോ മാസവും നാടീവ്യൂഹത്തിന്റെ അവസ്ഥ നിരീക്ഷിക്കാൻ കഴിവും അനുഭവ പരിചയവുമുള്ള കുഷ്ഠ രോഗ പ്രവർത്തകരെ നിയമിക്കണം . അല്ലെങ്കിൽ ചികിത്സയ്ക്കുള്ള കാല താമസം മൂലം ഓരോ വര്‍ഷവും ആയിരക്കണക്കിന് ഇന്ത്യക്കാർ വികലാംഗരായി മാറും.

ഇങ്ങനെ കത്തുകൾ എഴുതുന്നത് വഴി സംരക്ഷിതരാകുന്നത് നിങ്ങളും നിങ്ങൾക്ക് വേണ്ടപ്പെട്ടവരുമാണ് .

=======================================

ഒരു ഇന്ത്യൻ മെഡിക്കൽ കോളേജിലെ പൂർവ്വ  വിദ്യാർഥി കളുടെ  ഓണ് ലൈൻ ചര്‍ച്ചകൾക്കിടയിൽ രൂപപ്പെട്ടതാണ് ഈ ലേഖനം. WHO, ILEP , നിപ്പോണ് ഫൌണ്ടേഷൻ , നൊവാർറ്റിസ് ഫൌണ്ടേഷൻ ഫോർ സസ്റ്റൈ നബിൾ ഡെവലപ്മെന്റ്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുഷ്ഠ രോഗ വിദഗ്ധർ , ഇന്ത്യയിലെ വിവിധ സംസ്ഥാന ങ്ങളിൽ ജോലി ചെയ്യുന്ന പൊതു കാര്യ തല്പരരായ ഡോക്ടർ മാർ എന്നിവരുമായി ഇതിന്റെ ആശയങ്ങൾ

പങ്കുവയ്ക്കപ്പെട്ടിട്ടുണ്ട്. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാഴ്ചപ്പാടുകളുടെ പൂർണ്ണ ഉത്തരവാദിത്വം ഇതിന്റെ ലേഖകനുള്ളതാണ് .

--------------------------------------------------------------------------------

How to protect yourself from leprosy

Joel Almeida, PhD, MBBS

Leprosy is a curable disease caused by a germ.  No socio-economic class in India is exempt from leprosy.  It is important for you to understand leprosy and how you can protect yourself from it.

A new leprosy case is currently found every few minutes, among children and adults in India.  That is good, because it enables treatment to be started before the person becomes disabled.  Claims that leprosy has been eliminated from India are completely mistaken, and dangerous to your health. The WHO in a 2013 report clarified, once and for all, that elimination means zero new cases in a defined area.

Over 1 million more Indians are likely to develop signs of leprosy during the next decade.  If you live in an Indian city, think of 25 big buildings around your home: they probably have 1,000 people.  That's enough to produce 1 more person with signs of leprosy during the next decade.  People who show signs of leprosy are like the tip of an iceberg.  Over 20 to 100 million more Indians will be infected during the next decade,  without ever showing signs of leprosy.

Leprosy germs which dry in the shade in India can survive for at least 5 months, and still multiply when re-introduced into a host.  A rapid decline of new leprosy cases, over 10% per year, occurred in Shandong province of China more than 50 years ago and in Norway more than a century ago: owing to alleviation of extreme poverty.  India is different: the number of new cases with visible deformities at diagnosis increased between 2008-9 and 2013-14.  Even if you are affluent, the alleviation of extreme poverty in urban slums and rural areas of India is in your own self-interest.

Untreated leprosy can damage your nerves and deprive you of pain sensation.  Repeated injuries can then gradually erode your fingers, toes, feet and eyes, causing visible deformities.  Muscles in your hand, leg or face can become paralysed as a result of nerve damage. This can make it difficult for you to straighten your fingers, or to raise your toes off the ground when walking, or even to shut your eyelids.  It is much better to seek diagnosis and be treated before you suffer nerve damage.

If you seem to have skin patches which cannot feel the tip of a ball-point pen, or your earlobes seem thickened,  or your hands and feet repeatedly suffer painless wounds, or you have trouble straightening your fingers, you should approach your nearest government health centre.  They should be able to arrange for free diagnosis, and – if necessary – free MDT treatment (multi-drug

therapy).  If you receive a diagnosis of leprosy, members of your household too should be examined for leprosy.  You might all have been exposed to leprosy.

MDT rapidly kills leprosy germs.  Within days of starting MDT, even the most infectious types of leprosy become non-infectious.  However MDT is not sufficient to prevent nerve damage.

Serious nerve damage can occur during the first 2 years after starting MDT. This is because your body wages war on the killed germs.  This war is known as inflammation.  Your nerves become a battleground.  Inflammation in nerves is known as neuritis.  This internal war can cause permanent damage to nerves, leading to visible deformities.  Unfortunately this neuritis is often “silent”: you might remain unaware of it until serious nerve damage has occurred.

Skilled and experienced leprosy workers are needed to monitor your nerves every month during the first 2 years after starting MDT.  Such skilled leprosy workers were previously available, but premature and mistaken claims of elimination have largely eliminated leprosy services.  Skilled leprosy workers would be able detect even “silent” neuritis.  You could then receive prompt anti-inflammatory treatment whenever required.  This would help protect your nerves and save you from a lifetime of disability. It is better, and cheaper, for the Indian leprosy programme to provide such nerve monitoring, than to allow you to suffer lifelong disability.

Treated leprosy patients with visible deformities are generally non-infectious.  They are like you in every way, except that their nerves were once invaded by the leprosy germ.  Their leprosy germs have long since been killed.  Now you can treat them with the same respect and affection which you show to others.  It could easily have been you.  If you develop visible deformities, reconstructive surgery, rehabilitation and support are available through the Indian leprosy programme and partners.  You should claim such assistance.

How you can make a difference

You can act now to protect yourself and your loved ones against leprosy.  You should go ahead and write to your local MP, MLA, panchayat member and corporator, expressing support for the Indian leprosy programme: but urging better anti-inflammatory treatment for the serious nerve damage of leprosy.  You can inform them that:

1) Leprosy has not been eliminated, according to WHO’s authoritative 2013 definition.  Instead, over 1 million Indians will newly develop the disease leprosy during the next decade, and the politician’s

own family and friends are at risk. Therefore a strong leprosy programme in India benefits everyone.

2) The Indian leprosy programme should provide trained leprosy workers for monthly monitoring of nerves during the first 2 years after the start of MDT treatment. Otherwise each year many thousands of Indians will newly suffer nerve damage and become visibly deformed despite MDT: owing to delayed anti-inflammatory treatment.

You, your family and your friends will be safer because you wrote.

=================

This article originated in online discussion among alumni of an Indian medical college. Earlier drafts were shared with the WHO, the International Federation of Anti-leprosy Organisations (ILEP), the Nippon Foundation, the Novartis Foundation for Sustainable Development, the Leprosy Mailing List of leprosy experts from around the world, and groups of public-minded Indian doctors working in various Indian states. Views expressed in the article remain the responsibility of solely the named author.